ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 13-12-2025** 

## പ്രധാന വാർത്തകൾ

**TIME : 07.25**

1. **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ അൽപസമയത്തിനകം. വോട്ടെണ്ണൽ നടക്കുന്നത് 244 കേന്ദ്രങ്ങളിൽ.**
   Counting of votes for the LSGI elections in the Kerala will begin shortly. The counting of votes will be done at 244 centers.

2. **ആദ്യം എണ്ണുന്നത് പോസ്റ്റൽ വോട്ടുകൾ. തിരഞ്ഞെടുപ്പ് ഫലം എത്തിക്കാൻ വിപുലമായ സംവിധാനങ്ങളുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.**
   Postal votes will be counted first. The State Election Commission has made elaborate arrangements to convey the election results.

3. **കൊപ്രയുടെ താങ്ങുവില വർധിപ്പിക്കുന്നതുൾപ്പെടെ സുപ്രധാന തീരുമാനങ്ങളുമായി കേന്ദ്ര മന്ത്രിസഭ. നാളികേര കർഷകരുടെ വരുമാനവും കൊപ്ര ഉത്പാദനവും വർദ്ധിപ്പിക്കുന്നതാണ് തീരുമാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
   The Union Cabinet has taken important decisions, including increasing the support price of copra. The decision is to increase the income of coconut farmers and copra production, says PM Narendra Modi.

4. **ലക്ഷദ്വീപിലെ മത്സ്യകർഷകരുടെ വികസനം ലക്ഷ്യമിട്ട് നടത്തുന്ന നിക്ഷേപക സംഗമം ഇന്ന്.**

An investor meet aimed at the development of fish farmers in Lakshadweep is today.

5. **സ്കാഷ് ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ഈജിപ്തിനെ നേരിടും.**

India will face Egypt in the Squash World Cup semi-finals today.

************************************

**COUNTING**

സംസ്ഥാനത്ത് രണ്ട് ഘട്ടങ്ങളിലായി നടന്ന തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ അൽപസമയത്തിനകം ആരംഭിക്കും. സംസ്ഥാനത്ത് 244 കേന്ദ്രങ്ങളിലായി രാവിലെ എട്ട് മണിക്ക് തന്നെ വോട്ടെണ്ണൽ ആരംഭിക്കും. പോസ്റ്റൽ വോട്ടുകളാകും ആദ്യം എണ്ണുന്നത്. ജില്ലാ പഞ്ചായത്തുകളിലേക്കുള്ള തപാൽ വോട്ടുകൾ കളക്ട്രേറ്റുകളിൽ എണ്ണും. കോർപറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിൽ അതാതു സ്ഥാപനങ്ങളുടെ വോട്ടെണ്ണൽ നടത്തും. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വോട്ടെണ്ണൽ ബ്ലോക്ക് തല കേന്ദ്രങ്ങളിലാണ് നടത്തുക.

********************************

## LSGE - GENERAL (INTRO)

സംസ്ഥാനത്ത് ശക്തമായ മൽസരം നടന്ന തിരുവനന്തപുരം നഗരസഭ അടക്കം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലെ ഫലപ്രഖ്യാപനത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ് മുന്നണികളും വോട്ടർമാരും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(**വോയിസ്**)

**********************************

## LSGE - RESULT

തദ്ദേശ തിരഞ്ഞെടുപ്പ് ഫലം കൃത്യവും സമഗ്രവുമായി ജനങ്ങളിലെത്തിക്കാനുള്ള സംവിധാനങ്ങളാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കിയിട്ടുള്ളത്. കമ്മീഷന്റെ 'ട്രെൻഡ്' വെബ്സൈറ്റിൽ നിന്നും ഫലം തത്സമയം അറിയാം. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും ഫലം ജില്ലാ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ തിരിച്ച് ഒറ്റ നോട്ടത്തിൽ മനസിലാകുന്ന വിധം സൈറ്റിൽ ലഭ്യമാകും. ഓരോ ബൂത്തിലെയും സ്ഥാനാർത്ഥികളുടെ വോട്ടു നില അപ്പപ്പോൾ തന്നെ

സൈറ്റിൽ അപ്‌ലോഡ് ചെയ്യും. ഓരോ തദ്ദേശസ്ഥാപനത്തിലെയും ലീഡ് നില വാർഡ് അടിസ്ഥാനത്തിൽ മനസിലാക്കാം.

*********************************

**LSGE - TVM (INTRO)**

തിരുവനന്തപുരം ജില്ലയിൽ വോട്ടെണ്ണൽ ഒരുക്കങ്ങൾ പൂർത്തിയായി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്**...

(**വോയിസ്**)

*********************************

**LSGE - VOTERS**

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ ഏറ്റവുമധികം വോട്ടർമാരാണ് ഇത്തവണ വോട്ട് ചെയ്തത്. കഴിഞ്ഞ തവണത്തേക്കാൾ 73,866 വോട്ടുകളാണ് അധികമായി പോൾ ചെയ്തതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ വ്യക്തമാക്കി. 73.69 ശതമാനം പോളിംഗാണ് ഇത്തവണ രേഖപ്പെടുത്തിയത്.

*********************************

**LSGE - KOLLAM (INTRO)**

തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണുന്നതിനായി കൊല്ലം ജില്ലയിൽ ഒരുക്കങ്ങൾ പൂർത്തിയായി.

**വിശദവിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.**

(**ഹോൾഡ് വോയ്സ്**..........)

*********************************

**LSGE - PTA**

പത്തനംതിട്ട ജില്ലയിൽ 12 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. 1,099 നിയോജക മണ്ഡലങ്ങളിലായി നടന്ന തിരഞ്ഞെടുപ്പിൽ ജില്ലയിൽ 3,549 സ്ഥാനാർഥികളാണ് ജനവിധി തേടിയത്.

*********************************

**MLP - LSGE**

മലപ്പുറം ജില്ലയിൽ വോട്ടെണ്ണലിനായി 28 കേന്ദ്രങ്ങൾ പ്രവർത്തിക്കും. ജില്ലാ പഞ്ചായത്തിലേക്കുള്ള വോട്ടുകൾ ബ്ലോക്ക് കേന്ദ്രങ്ങളിലാണ് എണ്ണുക. 15 ബ്ലോക്ക് പഞ്ചായത്തുകൾക്കായി 15 കേന്ദ്രങ്ങളാണുള്ളത്. ബ്ലോക്ക് കേന്ദ്രങ്ങളിൽതന്നെ ഗ്രാമപഞ്ചായത്തുകളിലെ വോട്ടെണ്ണലും നടക്കും.

**********************************

## LSGE-KANNUR (INTRO)

കണ്ണൂർ ജില്ലയിലും എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. **വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(**വോയിസ്**)

**********************************

## SPECIAL BULLETINS

തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം പ്രക്ഷേപണം ചെയ്യും. പതിവ് ബുള്ളറ്റിനുകൾക്ക് പുറമേ, രാവിലെ 9.30, 10.15, 11.30, ഉച്ചയ്ക്ക് ശേഷം 2.30, 3.30, 4.30 എന്നീ സമയങ്ങളിൽ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**********************************

## 2020 LSG ELECTION REVIEW

2020 ൽ നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ എൽ ി എഫിനായിരുന്നു മേൽക്കൈ. 941 ഗ്രാമപഞ്ചായത്തുകളിൽ 514 എണ്ണം എൽ ിഎഫും,

375 എണ്ണം യു□ ിഎഫും 23 എണ്ണം എൻ □ ി എയും നേടി. 6 കോർപറേഷനുകളിൽ 5 ഇടത്ത് എൽ□ ിഎഫും ഒരിടത്ത് യു□ ിഎഫും വിജയിച്ചു. 86 മുനിസിപ്പാലിറ്റികളിൽ 43 എണ്ണം എൽ□ ിഎഫും 41 എണ്ണം യു□ ിഎഫും നേടി. എൻ □ ി എ 2 ഇടത്ത് വിജയിച്ചു.

*********************************

**CABINET-COAL-CENSUS + PM-COAL AND COPRA**

കൊപ്രയ്ക്കുള്ള താങ്ങുവില വർധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ അനുമതി നൽകി. 2027 ലെ സെൻസസിന് 11,718 കോടി രൂപയുടെ ബജറ്റിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2026 കാലയളവിലെ കൽക്കരി ലിങ്കേജ് നയത്തിന്റെ പരിഷ്കാരങ്ങൾക്കായുള്ള കോൾ സേതു പദ്ധതിക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. കൊപ്രയ്ക്കുള്ള താങ്ങുവില വർധിപ്പിക്കാനുള്ള കേന്ദ്ര മന്ത്രിസഭാ തീരുമാനം നാളികേര കർഷകരുടെ വരുമാനവും കൊപ്ര ഉത്പാദനവും വർദ്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

*********************************

**PRESIDENT - MANIPUR**

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ മണിപ്പൂർ സന്ദർശനം പുരോഗമിക്കുന്നു. ഇംഫാലിലെ നൂപീ ലാൽ മെമ്മോറിയൽ കോംപ്ലക്സിൽ മണിപ്പൂരിലെ ധീര വനിതകൾക്ക് രാഷ്ട്രപതി ശ്രദ്ധാഞ്ജലി അർപ്പിച്ചു. സേനാപതിയിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്ത ശ്രീമതി മുർമു വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും ഇന്നലെ നിർവഹിച്ചു.

**********************************

**LAKSHADWEEP - INVESTMENT SUMMIT**

ലക്ഷദ്വീപ് ഭരണകൂടവുമായി സഹകരിച്ച് ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമം ഇന്ന് ബംഗാരം ദ്വീപിൽ നടക്കും. കേന്ദ്രമന്ത്രിമാരായ രാജീവ് രഞ്ജൻ സിംഗ്, എസ്.പി. സിംഗ് ബാഗേൽ, ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ അടക്കം നിരവധി പേർ സംഗമത്തിൽ പങ്കെടുക്കും. ലക്ഷദ്വീപിന്റെ മത്സ്യബന്ധന സാധ്യതകൾ തുറക്കുന്നതിനൊപ്പം ദ്വീപ് വികസനത്തിനുമുള്ള സുപ്രധാനമായ ചുവടുവയ്പ്പാണ് നിക്ഷേപക സംഗമം.

**********************************

**SQUASH**

ചെന്നൈയിൽ നടക്കുന്ന സ്കാഷ് ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് നിലവിലെ ചാമ്പ്യന്മാരായ ഈജിപ്തിനെ നേരിടും. മറ്റൊരു സെമിയിൽ ഹോങ്കോംഗ് ജപ്പാനുമായി ഏറ്റുമുട്ടും.

**********************************

**PARLIAMENT-ATTACK-ANNIVERSARY**

രാജ്യത്തെ നടുക്കിയ പാർലമെന്റ് ആക്രമണം നടന്നിട്ട് ഇന്ന് 24 വർഷം. ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട സുരക്ഷാ ഉദ്യോഗസ്ഥർക്കുൾപ്പെടെ രാഷ്ട്രം ഇന്ന് ആദരാഞ്ജലി അർപ്പിക്കും. ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ലോക്സഭാ സ്പീക്കർ ഉൾപെടെയുള്ളവർ രാവിലെ പാർലമെന്റ് മന്ദിര പരിസരത്ത് രക്തസാക്ഷി സ്മാരകത്തിൽ പുഷ്പാർച്ചന നടത്തും.

**********************************

**EC-SROs**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാൾ, തമിഴ്നാട്, ഉത്തർപ്രദേശ്, കേരളം എന്നിവയുൾപ്പെടെ എട്ട് പ്രധാന സംസ്ഥാനങ്ങളിൽ ഇലക്ടറൽ റോൾ നിരീക്ഷകരെ നിയമിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. SRO-മാർ ഇതിനകം തന്നെ അവരുടെ

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കമ്മീഷൻ അറിയിച്ചു.

*********************************

**TRUMP THAILAND CAMBODIA CEASEFIRE**

തായ്‌ലാൻഡ് – കംബോ□ിയ അതിർത്തിയിൽ ഒരാഴ്ചയായി തുടരുന്ന സംഘർഷത്തിൽ 20ലേറെ പേർ കൊല്ലപ്പെട്ടു. അര ലക്ഷത്തിലധികം പേർ വീട് ഉപേക്ഷിച്ച് പോയി. അതേസമയം വെടിനിർത്തൽ കരാറിന് തായ്‌ലാൻ□ും കംബോ□ിയയും സമ്മതിച്ചതായി അമേരിക്കൻ പ്രസി□ന്റ് □ോണൾഡ് ട്രംപ് അറിയിച്ചു.

*********************************

**INDIA AUSTRIA CONSULTATIONS**

എട്ടാമത് ഇന്ത്യ - ഓസ്ട്രിയ ഫോറിൻ ഓഫീസ് കൺസൽട്ടേഷൻസ് ഇന്നലെ വിയന്നയിൽ നടന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം യോഗത്തിൽ ചർച്ച ചെയ്തു. വ്യാപാരം, സാമ്പത്തിക സഹകരണം, രാഷ്ട്രീയം, ശാസ്ത്ര - സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിലും ചർച്ചകൾ നടന്നു.

*********************************

**CPI-NOVEMBER**

രാജ്യത്തെ ഭക്ഷ്യവിലനിരക്കിൽ കുറവ്. 3.91 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തി. ഒക്ടോബറിൽ രേഖപ്പെടുത്തിയ അഞ്ച് ശതമാനത്തേക്കാൾ 3.91 ശതമാനത്തിന്റെ ഇടിവാണ് നവംബറിൽ രേഖപ്പെടുത്തിയത്. അതേ സമയം, വാർഷിക പണപ്പെരുപ്പ നിരക്കിൽ നേരിയ വർധനയുണ്ട്. മുൻ വർഷം നവംബറിനെ അപേക്ഷിച്ച് ഈ വർഷം 0.71 ശതമാനമായാണ് ഉയർന്നതെന്ന് കേന്ദ്ര സ്ഥിതി വിവര- പദ്ധതി നിർവഹണ മന്ത്രാലയ കണക്കിൽ വ്യക്തമാക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ പണപ്പെരുപ്പം 0.1 ശതമാനമായും നഗരപ്രദേശങ്ങളിൽ 1.4 ശതമാനമായും ഉയർന്നു.

*********************************

**IFFK**

30-മത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ രണ്ടാം ദിനമായ ഇന്ന് 72 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഹോമേജ് വിഭാഗത്തിൽ എം ടി വാസുദേവൻ നായർ തിരക്കഥയെഴുതി സംവിധാനം ചെയ്ത 'നിർമാല്യം' ഉൾപെടെയുള്ള ചിത്രങ്ങൾ ഇന്ന് പ്രദർശിപ്പിക്കും.

*********************************

**UNEP-INDIA**

കെനിയൻ തലസ്ഥാനമായ നെയ്റോബിയിൽ ഇന്നലെ നടന്ന ഐക്യരാഷ്ട്ര പരിസ്ഥിതി അസംബ്ലിയുടെ ഏഴാമത് യോഗത്തിൽ കാട്ടുതീ നിയന്ത്രണം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യ അവതരിപ്പിച്ച പ്രമേയത്തിന് അംഗീകാരം. ലോകമെമ്പാടും വർദ്ധിച്ചുവരുന്ന കാട്ടുതീ ഭീഷണി പരിഹരിക്കേണ്ടതിന്റെ അടിയന്തര ആവശ്യകതയെ ഉയർത്തിക്കാട്ടുകായും ഇതിനായുള്ള അന്താരാഷ്ട്ര സഹകരണം വർധിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഇന്ത്യയുടെ പ്രമേയം.

*

*****************

***************************************************